# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1519.

05-02-2019 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തരിശുനിലം കാർഷിക യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശുനിലം കാർഷിക യോഗ്യമാക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016 ന് ശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകൾ വഴി സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലെ തരിശു നില കൃഷിയിൽ ഉൾപ്പെടുത്തി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി ആകെ 126 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചു ഇതിനു പുറമെ 2017-18 ലെ സമഗ്ര നെൽകൃഷി വികസന പദ്ധതിയിലെ 'ബ്ലോക്ക് ലെവൽ കൺവേർജൻസ്' എന്ന പദ്ധതിയധിഷ്ഠിത ഘടകത്തിൽപ്പെടുത്തി തഴവ പഞ്ചായത്തിലെ തരിശു കിടന്ന 130 ഹെക്ടർ വട്ടക്കായൽ (പുഞ്ച) കൃഷിയോഗ്യമാക്കി. 2018-19 സാമ്പത്തിക വർഷം തൊടിയൂർ കൃഷി ഭവൻ പരിധിയിൽ തരിശായി കിടന്ന 40 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തഴവ തൊടിയൂർ വട്ടക്കായലിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | തഴവ തൊടിയൂർ വട്ടക്കായൽ പ്രദേശത്ത് പ്രളയത്തെ തുടർന്ന് ചെളി അടിഞ്ഞു കൂടിയിട്ടില്ല. ആയതിനാൽ പുഞ്ച കൃഷിയുടെ വിതയ്ക്ക് മുന്നോടിയായി ചെളി നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ആവശ്യകതയുണ്ടായിട്ടില്ല. തഴവ വട്ടക്കായലിൽ ഉൾപ്പെട്ട 130 ഹെക്ടർ പ്രദേശത്ത് 2018 ഡിസംബർ മാസം പുഞ്ച കൃഷി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രദേശത്ത് നെൽകൃഷി കൂടുതൽ പാടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൂടുതൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി അതിലേക്കായി വിവിധ സർക്കാർ ഏജൻസികളുടെ സഹകരണ- |

| | | | |
|---|---|---|---|
| | | | ത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മണ്ഡലത്തിലെ തീരദേശ മേഖലയിൽ നിന്നും ഉപ്പുവെള്ളം കയറുന്നതു നിമിത്തം നെല്പാടങ്ങൾ കൃഷിയോഗ്യമല്ലാത്ത സാഹചര്യമാണു നിലവിലുള്ളത്. ആയതു പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടു കൂടി ടി. എസ്. കനാലിൽ നിന്നും ഉപ്പുവെള്ളം പാടശേഖരങ്ങളിലേക്ക് കയറാതിരിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓച്ചിറ, ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വട്ടക്കായൽ മാല്യമേൽ പുഞ്ച മാതൃകയിൽ കൂടുതൽ തരിശുനിലങ്ങൾ വിദഗ്ധരായ കർഷകരെ ഉപയോഗിച്ച് ഓണാട്ടുകര വികസന ഏജൻസി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**